# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 915** **11.07.2016-ന് മറുപടിയ്ക്ക്**

**<u>സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ് സെന്റർ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) സംസ്കൃത സർവ്വകലാശാലയുടെ ആലപ്പുഴ ജില്ലയിലെ തുറവൂർ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സർവ്വകലാശാല ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളത്; | എ) സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ 02.03.2015-ൽ ശുപാർശ സമർപ്പിച്ചിട്ടുള്ളത് പ്രകാരം 18.06.2015- ലെ സ.ഉ.(സ)നം. 3142/15/റവ. പ്രകാരം തുറവൂർ തെക്ക് വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിലായി 243 ആർസ് സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03.07.2015 - ൽ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ ജനറലിനെ നിയമിച്ചിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കേണ്ട വസ്തു സംബന്ധിച്ച് അവ്യക്തത ഉള്ളതിനാലും, ഉദ്ദേശിച്ച ഫണ്ട് ലഭ്യമാകാത്തതിനാലും തുടർ നടപടി സ്വീകരിച്ചിട്ടില്ലെന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്.<br>സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള സർവെ നടത്തുന്നതിന് മുന്നോടിയായുള്ള വിജ്ഞാപനം 03.11.2015-ൽ 2446-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.<br>ടി സ്ഥലമെടുപ്പ് നടപടിയിൽ ഉടൻ നടപടി സ്വീകരിക്കുന്നതിന് അർത്ഥനാധികാരി ടി സ്ഥലം ഐഡന്റിഫൈ ചെയ്ത് നൽകേണ്ടതായിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | കണ്ടെത്തിയ സ്ഥലം എവിടെയാണെന്നും, എത്ര ഏക്കർ വരുമെന്നും ആരൊക്കെയാണ് സ്ഥലം ഉടമകൾ എന്നും വിശദമാക്കാമോ; | ബി) | തുറവൂർ തെക്ക് വില്ലേജിലെ വിവിധ സർവേ നമ്പരുകളിലുള്ള 243 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുള്ളതാണ്. സ്ഥല ഉടമകൾ ആരൊക്കെയാണെന്ന് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| സി) | സ്ഥലത്തിന്റെ വില നിർണ്ണയിച്ച് ഉടമകൾക്ക് നൽകുന്നതിനുള്ള ഡി.എൽ.പി.സി. കൂടിയോ എന്ന് അറിയിക്കാമോ; | സി) | ഡി.എൽ.പി.സി. കൂടിയിട്ടില്ല. |
| ഡി) | ഡി.എൽ.പി.സി. കൂടുന്നതിന് ഇനി എത്ര നാൾ വേണ്ടിവരുമെന്നും ഇതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും വിശദമാക്കാമോ; | ഡി) | ഡി.എൽ.പി.സി. കൂടുന്നതിനായി ടി വസ്തുവിന്റെ അടിസ്ഥാനവില നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. ടി സ്ഥലമെടുപ്പ് നടപടിയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് അർത്ഥനാധികാരി വസ്തു ഐഡന്റിഫൈ ചെയ്ത് നൽകിയശേഷം അടിസ്ഥാന വില നിർണ്ണയിച്ച് ഡി.എൽ.പി.സി കൂടുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും സ്ഥലത്തിനുള്ള വില നൽകണമെന്നുള്ള നിർദ്ദേശം സർവ്വകലാശാലാ അധികൃതരെയും ജില്ലാ കളക്ടറെയും അരൂർ എം.എൽ.എ. അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഇ) | ഉണ്ട്. |
| എഫ് | നിരവധി കോഴ്സുകൾ ഉള്ള ഈ സബ് സെന്ററിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് എത്രയും വേഗം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ? | എഫ്) | സ്ഥലമേറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ